**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **04-03-2025 - ൽ മറുപടിയ്ക്**

**വൈദ്യുത പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ഉൽപാദന - പ്രസരണ രംഗത്ത് ഫലപ്രദമായി ഇടപെടാൻ വൈദ്യുതി ബോർഡിനു കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുൻപൊരിക്കലും രേഖപ്പെടുത്താത്ത പുരോഗതിയാണ് കേരളത്തിലെ വൈദ്യുതി ഉൽപ്പാദന മേഖലയിൽ ഉണ്ടായിരിക്കുന്നത്. ഒന്നര ദശാബ്ദത്തിലധികമായി നിർമ്മാണം ഇഴഞ്ഞു നീങ്ങുകയായിരുന്ന 40 മെഗാവാട്ട് ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതി നാം പൂർത്തീകരിച്ചു. ഇതുപോലെ വൈകിയ മറ്റൊരു ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ വിപുലീകരണ പദ്ധതി പൂർത്തിയാക്കി പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുത ഉൽപാദനം ആരംഭിച്ചു കഴിഞ്ഞു. 60 മെഗാവാട്ട് ശേഷിയുള്ളതാണ് ഈ പദ്ധതി.<br><br>സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേടിയത് 1360.75 മെഗാവാട്ടിന്റെ റെക്കോർഡ് വർദ്ധനവാണ്. ജലവൈദ്യുത പദ്ധതികൾ വഴി 148.5 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങൾ വഴി 1211 മെഗാവാട്ടും, 1.25 മെഗാവാട്ട് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ വഴിയുമാണ്.<br><br>ആഭ്യന്തര ഉൽപ്പാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 148.55 മെഗാവാട്ടിന്റെ ജല വൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കഴിഞ്ഞ മൂന്നര വർഷങ്ങൾക്കുള്ളിൽ (2021 to 2024) പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 132 മെഗാവാട്ടും, എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർ വഴി 16.55 മെഗാവാട്ടും പൂർത്തിയാക്കി. അപ്പർ കല്ലാർ (2 മെഗാവാട്ട്),പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), തോട്ടിയാർ (40 |

| | | | |
|---|---|---|---|
| | | | മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട് - ട്രയൽ റൺ പുരോഗമിക്കുന്നു) എന്നിവയാണ് വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ പദ്ധതികൾ. ആനക്കാംപൊയിൽ (8 മെഗാവാട്ട്), അരിപ്പാറ (4.5 മെഗാവാട്ട്), മുക്കടം (4 മെഗാവാട്ട്) എന്നിവയാണ് സ്വകാര്യ സംരംഭകർ മുഖേന പൂർത്തിയാക്കിയ പദ്ധതികൾ.<br><br>127.536 മെഗാവാട്ട് ശേഷിയുള്ള 9 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വൈദ്യുതി പ്രസരണ രംഗത്തും നാം വളരെ ഏറെ മുന്നേറിയിട്ടുണ്ട്. തനതു പദ്ധതികളും, ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കുയത് വഴി പ്രസരണ മേഖലയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു 400 കെ വി സബ്സ്റ്റേഷൻ (കോട്ടയം), ആറു 220 കെ വി സബ് സ്റ്റേഷനുകൾ, അഞ്ച് 110 കെ വി സബ്സ്റ്റേഷനുകൾ, നാല് 33 കെ വി സബ് സ്റ്റേഷൻ എന്നിവ പൂർത്തിയാക്കി. പത്ത് 66 കെ വി സബ് സ്റ്റേഷനുകളുടെയും, ഒരു 33 കെ വി സബ് സ്റ്റേഷനും 110 കെ വി സബ് സ്റ്റേഷനുകൾ ആയി ശേഷി വർദ്ധിപ്പിച്ചു. ഇത്തരത്തിൽ 27 സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാ ക്കുകയും, 33 സബ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ നീളുന്ന 400 കെ വി പവർ ഹൈവേ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. വൈദ്യുതി പ്രസരണ മേഖലയിൽ 2021-22 മുതൽ 2024 നവംബർ വരെ കെഎസ്ഇബിഎൽ 3195 കോടി രൂപയുടെ മുതൽ മുടക്ക് നടത്തി. |
| (ബി) | നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി ഉൽപാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി ഉൽപാദന പദ്ധതികൾ സമയബന്ധി തമായി പൂർത്തിയാക്കുന്നതിലേക്കായി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി വിലയിരുത്തി കാലതാമ സത്തിന് കാരണമായ വസ്തുതകൾ പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സൗരോർജ്ജ ഉല്പാദന മേഖലയിൽ സംസ്ഥാനത്തു ഇപ്പോൾ നടപ്പിലാക്കി വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാന മന്ത്രി സൂര്യഘർ മുഫ്ത് ബിജ്‌ലി യോജനയിലൂടെ**, 2026-27** സാമ്പത്തിക വർഷത്തിനുള്ളിൽ **384800** പുരപ്പുറ സോളാർ പ്ലാന്റിലൂടെ **1154.4** മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കുവാനുള്ള പ്രവർത്തികൾ നടന്നു വരുന്നു**.** കൂടാതെ**, 31.12.2025** ൽ അവസാനിക്കുന്ന പി എം കുസും പദ്ധതിയിലൂടെ **17** മെഗാവാട്ട് സ്ഥാപിത |

| | | | |
|---|---|---|---|
| | | | ശേഷിയും, **2025-26** സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന **50 MW** ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കു വാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ